14-ാം കേരള നിയമ സഭ

4-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2181** **07.03.2017-ൽ മറുപടിയ്ക്ക്**

## കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജ്

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. ജോൺ ഫെർണാണ്ടസ് :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുമ്പോൾ റെഗുലർ, കരാർ, ദിവസവേതന അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിലായി ജോലി ചെയ്തിരുന്നവരുടെ എണ്ണം പ്രത്യേകം പ്രത്യേകം വെളിപ്പെടുത്താമോ; | (എ) റഗുലർ വിഭാഗം - 375 എണ്ണം<br>കരാർ വിഭാഗം - 172 എണ്ണം<br>ദിവസവേതന വിഭാഗം - 196 എണ്ണം |
| (ബി) സർക്കാർ ഏറ്റെടുത്തതിനുശേഷം ഇവരിൽ എത്ര പേരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്നും മറ്റുള്ളവരുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കാമോ ; | (ബി) സർക്കാർ ഏറ്റെടുത്തതിനുശേഷം, കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ ജോലി ചെയ്തുകൊണ്ടിരുന്ന സ്ഥിരം ജോലി ജീവനക്കാരെ അക്കോമഡേറ്റ് ചെയ്യുന്നതിനായി 375 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 27.01.2015 ലെ സ.ഉ(കൈ) 15/2015/ആ.കു.വ പ്രകാരം വിവിധ വിഭാഗങ്ങളിലായി അദ്ധ്യാപകരുടെ 148 തസ്തികകളും അനദ്ധ്യാപകരുടെ 202 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. 04.03.2016 ലെ സ.ഉ (കൈ) നം. 71/16/ആ.കു.വ പ്രകാരം 25 സ്ഥിരം ജീവനക്കാരെയും അക്കോമഡേറ്റ് ചെയ്ത് ഉത്തരവായിട്ടുണ്ട്. കൂടാതെ കരാർ/ദിവസവേതന ജീവനക്കാർക്കായി 315 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഭരണവിഭാഗത്തിലെ സുഗമമായ പ്രവർത്തനത്തിനായി പ്രിൻസിപ്പൽ, |

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, ലേ സെക്രട്ടറി, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിങ്ങനെ 5 തസ്തികകളും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

| | |
|---|---|
| (സി) സർക്കാർ ഏറ്റെടുത്തതിനു ശേഷം ഏതെങ്കിലും തസ്തികകളിൽ റെഗുലർ/ കരാർ/ ദിവസവേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | സി) സർക്കാർ ഏറ്റെടുത്തതിനുശേഷം റഗുലർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. കരാർ അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിലായി 8 അദ്ധ്യാപകരെയും, ദിവസവേതനാടിസ്ഥാനത്തിൽ 4 അനദ്ധ്യാപക ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. ഇവരുടെ വിവരങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം – I</u>

## കരാർ അടിസ്ഥാനത്തിലുള്ള അദ്ധ്യാപക ജീവനക്കാർ

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | വിഭാഗം |
|---|---|---|
| 1 | ഡോ.അനു ജോസഫ് , സീനിയർ റസിഡന്റ് | പീഡിയാട്രിക്സ്. |
| 2 | ഡോ.ഹാഫിസ് മുഹമ്മദ് എബ്രാഹിം, സീനിയർ റസിഡന്റ് | ഓർത്തോ പീഡിക്സ്, |
| 3 | ഡോ.ഡോമിനിക് മാത്യു, സീനിയർ റസിഡന്റ് | ജനറൽ സർജറി |
| 4 | ഡോ.മിലൻ രാജു, സീനിയർ റസിഡന്റ്, | ഗൈനക്കോളജി |
| 5 | ഡോ.സുനു ആൻസി, ജൂനിയർ റസിഡന്റ് | ജനറൽ സർജറി |
| 6 | ഡോ.ഷാലിയ ജമാൽ, ജൂനിയർ റസിഡന്റ് | ഓർത്തോ പീഡിക്സ്, |
| 7 | ഡോ.റൂത്ത് അബ്രഹാം, ജൂനിയർ റസിഡന്റ് | ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി |
| 8 | ഡോ.അജാസ്.എ.ജെ, ജൂനിയർ റസിഡന്റ് | ഓർത്തോ പീഡിക്സ്, |

## ദിവസ വേതനാടിസ്ഥാനത്തിലുള്ള അനദ്ധ്യാപക ജീവനക്കാർ

| ക്രമ നമ്പർ | പേര് | ഉദ്യോഗപ്പേര് | ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 1 | ശ്രീമതി.പ്രീതാമോൾ.കെ.പി. | ഇ.സി.ജി.ടെക്നീഷ്യൻ | 07/03/2014 |
| 2 | ശ്രീമതി.അഹല്യാമോൾ.സി.കെ. | ഇ.സി.ജി.ടെക്നീഷ്യൻ | 12/03/2014 |
| 3 | ശ്രീ.അജിത്കുമാർ.എം.എസ്. | ഗാർഡ്നർ | 18/01/2014 |
| 4 | ശ്രീ.വേണുഗോപാലൻ.ഇ.കെ. | സാനിറ്ററി വർക്കർ. | 12/02/2014 |

6/3

സെക്ഷൻ ഓഫീസർ

0497643